Immediate
A5
23/3/17

TRANSPORT COMMISSIONERATE KERALA
RECEIVED ON
23 MAR 2017
e-26606/17

**കേരള സർക്കാർ**

**സംഗ്രഹം**

ഉദ്യോഗസ്ഥഭരണപരിഷ്കാര (ഔദ്യോഗികഭാഷ)വകുപ്പ് - സർക്കാരാഫീസുകളുടെ ബോർഡുകൾ, ഉദ്യോഗസ്ഥരുടെ പേര്, ഉദ്യോഗപ്പേര്, ഓഫീസ് മുദ്രകൾ, ഉദ്യോഗസ്ഥരുടെ പേരും ഔദ്യോഗികപദവിയും അടങ്ങുന്ന തസ്തിക മുദ്ര, വാഹനങ്ങളിലെ ബോർഡുകൾ എന്നിവ മലയാളത്തിൽ തയ്യാറാക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഔദ്യോഗികഭാഷ) വകുപ്പ്**

സ.ഉ. (അച്ചടി) നമ്പർ. 4/2017/ഉ.ഭ.പ.വ തിരുവനന്തപുരം, തീയതി.14/03/2017

പരാമർശം:-
1. 27.10.1983-ലെ 11640/ഔഭാ2/83/പി ആൻഡ്. എ.ആർ.ഡി. നമ്പർ സർക്കുലർ.
2. 18.09.2012-ലെ സ.ഉ(കൈ) നം.46/12/ഉഭപവ. നമ്പർ ഉത്തരവ്.
3. 18.12.2014-ലെ 21185/ഔഭാ1/2014/ഉഭപവ. നമ്പർ സർക്കുലർ.
4. 28.10.2014-ലെ 12163/ഔഭാ3/14/ഉഭപവ. നമ്പർ സർക്കുലർ.
5. 13.01.2015-ലെ സ.ഉ.(കൈ)2/2015/ഉഭപവ. നമ്പർ വിജ്ഞാപനം.

**ഉത്തരവ്**

Sr. AO. Personal attention please.
22/3.
T.C.

കേരള സംസ്ഥാനത്തിന്റെ ഔദ്യോഗികഭാഷ പൂർണ്ണമായും മലയാളമായിരിക്കണമെന്നതാണ് സർക്കാരിന്റെ പ്രഖ്യാപിത നയം. നിലവിൽ സൂചന (5)-ലെ വിജ്ഞാപനപ്രകാരം സംസ്ഥാനത്ത് നിലവിലുള്ളതും, ഇനി രൂപീകരിക്കുന്നതുമായ എല്ലാ സർക്കാർ വകുപ്പുകളിലും സ്ഥാപനങ്ങളിലും ഔദ്യോഗികഭാഷ മലയാളമാക്കിയിട്ടുണ്ട്. എന്നാൽ സർക്കാരാഫീസുകളുടെ ബോർഡുകൾ, വാഹനങ്ങളുടെ ബോർഡുകൾ, ഉദ്യോഗസ്ഥരുടെ പേര്, ഉദ്യോഗപ്പേര്, ഓഫീസ് മുദ്രകൾ, ഉദ്യോഗസ്ഥരുടെ പേരും ഔദ്യോഗികപദവിയും അടങ്ങുന്ന തസ്തിക മുദ്ര എന്നിവ അതത് വകുപ്പുകളും സ്ഥാപനങ്ങളും മലയാളത്തിൽക്കൂടി ലഭ്യമാക്കണമെന്ന സൂചന 1,2,3,4-ലെ നിർദ്ദേശങ്ങൾ പാലിക്കപ്പെട്ടിട്ടില്ലെന്ന് ഔദ്യോഗികഭാഷ സംബന്ധിച്ച നിയമസഭാസമിതി വിലയിരുത്തുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ ഭാഷാന്യൂനപക്ഷ മേഖലകളിൽ നിലവിലുള്ള വ്യവസ്ഥ നിലനിർത്തിക്കൊണ്ട് എല്ലാ ഓഫീസ് മേധാവികളും അടിയന്തരമായി താഴെപ്പറയുന്ന നടപടികൾ സ്വീകരിക്കണമെന്ന് ഇതിനാൽ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. ഓഫീസ് ബോർഡുകൾ, ഉദ്യോഗസ്ഥരുടെ പേര്, ഉദ്യോഗപ്പേര് തുടങ്ങിയവ രേഖപ്പെടുത്തിയിട്ടുള്ള ബോർഡുകൾ എന്നിവയിൽ ആദ്യനേർപകുതി മലയാളത്തിലും രണ്ടാം നേർപകുതി ഇംഗ്ലീഷിലും ചുവടെ കാണിച്ചിരിക്കുന്ന മാതൃകയിൽ പ്രദർശിപ്പിക്കേണ്ടതാണ്.

| |
|---|
| ഔദ്യോഗികഭാഷാവകുപ്പ് |
| OFFICIAL LANGUAGE DEPARTMENT |

2. ഓഫീസ് മുദ്രകൾ, ഉദ്യോഗസ്ഥരുടെ പേരും ഔദ്യോഗികപദവിയും ഉൾക്കൊള്ളുന്ന തസ്തികമുദ്രകൾ എന്നിവ മലയാളത്തിൽക്കൂടി തയ്യാറാക്കേണ്ടതാണ്. (സംസ്ഥാനത്തിനകത്തെ ആവശ്യത്തിന് മലയാളത്തിലുള്ള മുദ്രയും, സംസ്ഥാനേതര/ഭാഷാന്യൂനപക്ഷ ആവശ്യങ്ങൾക്ക് ഇംഗ്ലീഷ് മുദ്രയും ഉപയോഗിക്കേണ്ടതാണ്; ദ്വിഭാഷാരീതിയും അവലംബിക്കാവുന്നതാണ്).

3. സർക്കാർ/അർദ്ധസർക്കാർ/സ്വയംഭരണ/സഹകരണ/പൊതുമേഖല/തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലെ വാഹനങ്ങളുടെ ബോർഡുകൾ മുൻവശത്ത് മലയാളത്തിലും പിൻവശത്ത് ഇംഗ്ലീഷിലും ഒരേ വലുപ്പത്തിൽ എഴുതി പ്രദർശിപ്പിക്കേണ്ടതാണ്.

ഇക്കാര്യങ്ങൾ അടിയന്തരമായി നടപ്പിലാക്കണമെന്ന് എല്ലാ വകുപ്പ് തലവന്മാർക്കും ഓഫീസ് മേധാവികൾക്കും നിർദ്ദേശം നൽകുന്നു.

(ഗവർണറുടെ ഉത്തരവിൻപ്രകാരം)
കെ. ആർ.ജ്യോതിലാൽ
സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറി/പ്രിൻസിപ്പൽ സെക്രട്ടറി/സെക്രട്ടറി/
സ്പെഷ്യൽ സെക്രട്ടറി
സെക്രട്ടേറിയറ്റിലെ എല്ലാ അണ്ടർ സെക്രട്ടറിമാർക്കും സെക്ഷൻ ഓഫീസർമാർക്കും
സെക്രട്ടേറിയറ്റിലെ ധനകാര്യം/നിയമം ഉൾപ്പെടെ എല്ലാ വകുപ്പുകളിലെ സെക്ഷനുകൾക്കും.
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ വകുപ്പ് മേധാവികൾക്കും
സർക്കാർ നിയന്ത്രണത്തിലുള്ള പൊതുമേഖല/അർദ്ധ സർക്കാർ/
സ്വയംഭരണ/ സഹകരണ സ്ഥാപനങ്ങളുടെ തലവൻമാർക്ക്
വെബ് & മീഡിയ വിഭാഗം, വിവര പൊതുജന സമ്പർക്ക വകുപ്പ്
ഓഫീസ് കോപ്പി/കരുതൽ ഫയൽ

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ